✝

# പരിശുദ്ധ ജപമാല

Holy Rosary Prayers & Litany in Malayalam

## ആരംഭ പ്രാർത്ഥന

അളവില്ലാത്ത സകല നന്മ സ്വരൂപിയായിരിക്കുന്ന സർവ്വേശ്വര, കർത്താവേ, നീചരും നന്ദിയില്ലാത്ത പാപികളുമായിരിക്കുന്ന ഞങ്ങൾ അതിരില്ലാത്ത മഹിമ പ്രതാപത്തോടുകൂടിയിരിക്കുന്ന അങ്ങേ സന്നിധിയിൽ ജപം ചെയ്യുവാൻ യോഗ്യതയില്ലാത്തവരായിരിക്കുന്നുവെങ്കിലും നിന്റെ അതിരില്ലാത്ത ദയയിൽ ശരണപ്പെട്ടുകൊണ്ട് പരിശുദ്ധ ദൈവമാതാവിന് സ്തുതിയായിട്ട് അമ്പത്തിമൂന്നു മണി ജപം ചെയ്യുവാൻ ആഗ്രഹിക്കുന്നു. ഈ ജപം ഭക്തിയോടെ ചെയ്ത് പലവിചാരം കൂടാതെ തികപ്പാൻ കർത്താവേ നീ സഹായിക്കണമേ.

## വിശ്വാസപ്രമാണം

സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏകപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായിലും ഞാൻ വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവാൽ ഗർഭസ്ഥനായി കന്യാമറിയത്തിൽ നിന്നു പിറന്നു. പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച്, കുരിശിൽ തറയ്ക്കപ്പെട്ട്, മരിച്ച് അടക്കപ്പെട്ടു; പാതാളത്തിൽ ഇറങ്ങി, മരിച്ചവരുടെ ഇടയിൽനിന്നു മൂന്നാം നാൾ ഉയിർത്തു; സ്വർഗ്ഗത്തിലെക്കെഴുന്നള്ളി, സർവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലതു ഭാഗത്ത് ഇരിക്കുന്നു; അവിടെനിന്ന് ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. വിശുദ്ധ കത്തോലിക്കാ സഭയിലും, പുണ്യവാന്മാരുടെ ഐക്യത്തിലും, പാപങ്ങളുടെ മോചനത്തിലും, ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവതത്തിലും ഞാൻ വിശ്വസിക്കുന്നു. ആമ്മേൻ.

## ആരംഭ മണികൾ

**1 സ്വർഗ്ഗ.** പിതാവായ ദൈവത്തിന്റെ മകളായിരിക്കുന്ന പരിശുദ്ധ ദൈവമാതാവേ ഞങ്ങളിൽ ദൈവവിശ്വാസമെന്ന പുണ്യം ഫലവത്തായിത്തീരുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ.

**1 നന്മ.** പുത്രനായ ദൈവത്തിന്റെ മാതാവായിരിക്കുന്ന പരിശുദ്ധ ദൈവമാതാവേ, ഞങ്ങൾ ദൈവശരണമെന്ന പുണ്യത്തിൽ വളരുവാനായി അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ.

**1 നന്മ. 1 ത്രി.** പരിശുദ്ധാത്മാവായ ദൈവത്തിന്റെ എത്രയും പ്രിയമുള്ളവളായിരിക്കുന്ന പരിശുദ്ധ ദൈവമാതാവേ, ഞങ്ങളിൽ ദൈവസ്നേഹമെന്ന പുണ്യം വർദ്ധിപ്പാനായിട്ട് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമേ.

## സന്തോഷ രഹസ്യങ്ങൾ (തിങ്കൾ, ശനി)

### 1. മംഗളവാർത്ത

**1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.**

ദൈവപുത്രനായ ഈശോമിശിഹായെ ഗർഭംധരിച്ചു പ്രസവിക്കുമെന്ന മംഗള വാർത്ത ഗബ്രിയേൽ മാലാഖ പരി.കന്യകാ മറിയത്തെ അറിയിച്ചു എന്നതിന്മേൽ നമുക്ക് ധ്യാനിക്കാം.

**പ്രാർത്ഥന:** മാതാവേ, അങ്ങ് ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങിയതുപോലെ, ഞങ്ങളും എല്ലാ കാര്യങ്ങളിലും ദൈവതിരുമനസ്സു നിറവേറ്റുവാൻ സഹായിക്കണമേ.

> ഓ ഈശോയെ, ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ. നരകാഗ്നിയിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ. എല്ലാ ആത്മാക്കളെയും വിശിഷ്യാ അങ്ങേ കരുണ കൂടുതൽ ആവശ്യമുള്ള ആത്മാക്കളെയും സ്വർഗ്ഗത്തിലേക്ക് ആനയിക്കണമേ.

### 2. എലിസബത്തിനെ സന്ദർശിക്കുന്നത്

1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

ഏലീശ്വാമ്മ ഗർഭിണിയായ വാർത്ത കേട്ടപ്പോൾ, പരിശുദ്ധ കന്യകാമറിയം അവരെ സന്ദർശിച്ച് അവർക്ക് മൂന്നുമാസം ശുശ്രൂഷ ചെയ്തു എന്നതിന്മേൽ നമുക്ക് ധ്യാനിക്കാം.

**പ്രാർത്ഥന:** മാതാവേ, മറ്റുള്ളവരെ സഹായിക്കുവാൻ ലഭിക്കുന്ന അവസരങ്ങൾ ഉപയോഗിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

> ഓ ഈശോയെ...

### 3. ഈശോയുടെ ജനനം

1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

പരിശുദ്ധ കന്യകാ മറിയം, തന്റെ ദിവ്യകുമാരനെ ബെത്‌ലഹം നഗരിയിൽ, കാലികളുടെ സങ്കേതമായിരുന്ന ഒരു ഗുഹയിൽ പാതിരായ്ക്ക് പ്രസവിച്ച് ഒരു പുൽത്തൊട്ടിയിൽ കിടത്തി എന്നതിന്മേൽ നമുക്ക് ധ്യാനിക്കാം.

**പ്രാർത്ഥന:** മാതാവേ സാമ്പത്തിക ക്ലേശങ്ങളും സൗകര്യക്കുറവുകളും ഞങ്ങൾക്കനുഭവപ്പെടുമ്പോൾ അവയെല്ലാം ക്ഷമയോടെ ദൈവകരങ്ങളിൽ നിന്നു സ്വീകരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

> ഓ ഈശോയെ...

### 4. ഈശോയെ ദേവാലയത്തിൽ കാഴ്ചവയ്ക്കുന്നത്

1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

പരിശുദ്ധ ദൈവമാതാവ് നാൽപ്പതാം ദിവസം ഉണ്ണിശോയെ ദേവാലയത്തിൽ ശിമയോന്റെ കരങ്ങളിൽ ദൈവത്തിന് സമർപ്പിച്ചു എന്നതിന്മേൽ നമുക്ക് ധ്യാനിക്കാം.

**പ്രാർത്ഥന:** മാതാവേ, ഞങ്ങൾക്കുള്ളതെല്ലാം ദൈവത്തിൽനിന്ന് ലഭിച്ച സൗജന്യ ദാനങ്ങളാണെന്ന് മനസ്സിലാക്കി, അവയെല്ലാം ദൈവത്തിന് സമർപ്പിച്ചു ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

> ഓ ഈശോയെ...

### 5. ഉണ്ണിശോയെ ദേവാലയത്തിൽ കണ്ടെത്തുന്നത്

1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

പരിശുദ്ധ ദൈവമാതാവ് തന്റെ ദിവ്യകുമാരന് പന്ത്രണ്ടു വയസ്സു പ്രായമായിരുന്നപ്പോൾ, അവിടുത്തെ കാണാതെ അന്വേഷിച്ചു മൂന്നാം ദിവസം ദേവാലയത്തിൽ കണ്ടെത്തി എന്നതിന്മേൽ നമുക്ക് ധ്യാനിക്കാം.

**പ്രാർത്ഥന:** മാതാവേ, ഈശോയിൽനിന്നു ഞങ്ങളെ അകറ്റുന്ന എല്ലാം വർജ്ജിക്കുന്നതിനും ഈശോയിലേയ്ക്കടുക്കുവാൻ സഹായിക്കുന്ന എല്ലാം സ്വീകരിക്കുന്നതിനും ഞങ്ങളെ അനുഗ്രഹിക്കണമേ.

> ഓ ഈശോയെ...

## ദുഃഖ രഹസ്യങ്ങൾ (ചൊവ്വ, വെള്ളി)

### 1. പൂങ്കാവനത്തിലെ പ്രാർത്ഥന

1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

നമ്മുടെ കർത്താവീശോമിശിഹാ പൂങ്കാവനത്തിൽ രക്തംവിയർത്തുവെന്ന ദുഃഖമായ ദിവ്യരഹസ്യത്തെപറ്റി നമുക്ക് ധ്യാനിക്കാം.

**പ്രാർത്ഥന:** വ്യാകുലമാതാവേ, മനുഷ്യരുടെ പാപങ്ങൾ ഓർത്ത് ദുഃഖിക്കുന്നതിനും അവയ്ക്ക് പരിഹാരം ചെയ്യുന്നതിനും ഞങ്ങളെ സഹായിക്കണമേ.

### 2. ഈശോയെ ചാട്ടവാറുകൊണ്ട് അടിക്കുന്നത്

1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

നമ്മുടെ കർത്താവീശോമിശിഹാ പീലാത്തോസിന്റെ അരമനയിൽവച്ച് ചമ്മട്ടികൊണ്ട് അടിക്കപ്പെട്ടു എന്നതിന്മേൽ നമുക്ക് ധ്യാനിക്കാം.

**പ്രാർത്ഥന:** മാതാവേ, നഗ്നമായ വസ്ത്രധാരണവും, നിർമ്മലമല്ലാത്ത സുഖസൗകര്യങ്ങളും ഞങ്ങളുടെ കുടുംബത്തിൽ കടന്നുപറ്റാതിരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

### 3. ഈശോയെ മുൾമുടി ധരിപ്പിക്കുന്നത്

1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

നമ്മുടെ കർത്താവീശോമിശിഹായെ പടയാളികൾ മുൾമുടി ധരിപ്പിച്ചു എന്നതിന്മേൽ നമുക്ക് ധ്യാനിക്കാം.
**പ്രാർത്ഥന:** മാതാവേ, ഈശോയ്ക്കിഷ്ടമില്ലാത്ത യാതൊന്നിനും ഞങ്ങളുടെ ഓർമ്മയിലും ബുദ്ധിയിലും മനസ്സിലും പ്രവേശനം നൽകാതിരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

### 4. ഈശോ കുരിശ് ചുമക്കുന്നത്

1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

നമ്മുടെ കർത്താവീശോമിശിഹാ കുരിശു വഹിച്ച് ഗാഗുൽത്താമലയിലേക്ക് പോയി എന്നതിന്മേൽ നമുക്ക് ധ്യാനിക്കാം.
**പ്രാർത്ഥന:** മാതാവേ, അപമാനങ്ങളും സങ്കടങ്ങളും ഞങ്ങൾക്കനുഭവപ്പെടുമ്പോൾ, ക്ഷമയോടെ അവ വഹിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

### 5. ഈശോയുടെ കുരിശുമരണം

1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

നമ്മുടെ കർത്താവീശോമിശിഹാ രണ്ടുകള്ളന്മാരുടെ മദ്ധ്യേ കുരിശിന്മേൽ തറയ്ക്കപ്പെട്ടു എന്നതിന്മേൽ നമുക്കു ധ്യാനിക്കാം.
**പ്രാർത്ഥന:** മാതാവേ, ഞാൻ ലോകത്തിനും ലോകം എനിക്കും ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്ന മനസ്ഥിതിയോടെ ദുരാഗ്രഹങ്ങളെ ക്രൂശിച്ചു ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

## മഹത്വ രഹസ്യങ്ങൾ (ബുധൻ, ഞായർ)

### 1. ഈശോയുടെ ഉത്ഥാനം

1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

നമ്മുടെ കർത്താവീശോമിശിഹാ മരിച്ചു മൂന്നാംദിവസം ഉത്ഥാനം ചെയ്തു എന്നതിന്മേൽ നമുക്ക് ധ്യാനിക്കാം.
**പ്രാർത്ഥന:** മാതാവേ, ഒരിക്കൽ ഉത്ഥാനം ചെയ്യാനുള്ള ഞങ്ങളുടെ ശരീരങ്ങളെ നിർമ്മലമായി സൂക്ഷിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

### 2. ഈശോയുടെ സ്വർഗ്ഗാരോഹണം

1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

നമ്മുടെ കർത്താവീശോമിശിഹാ ഉയർപ്പിനുശേഷം 40-ാം ദിവസം സ്വർഗ്ഗാരോഹണം ചെയ്തു എന്നതിന്മേൽ നമുക്ക് ധ്യാനിക്കാം.
**പ്രാർത്ഥന:** മാതാവേ, സ്വർഗ്ഗപിതാവിന്റെ പക്കൽ ഞങ്ങൾക്കൊരു മദ്ധ്യസ്ഥനുണ്ട് എന്ന ബോധത്തോടെ ഉത്കണ്ഠകൂടാതെ ജീവിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ.

### 3. പരിശുദ്ധാത്മാവിന്റെ എഴുന്നെള്ളത്ത്

1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

പെന്തക്കുസ്ത തിരുനാൾ ദിവസം പരി. കന്യകാമറിയവും ശ്ലീഹന്മാരും പരിശുദ്ധാത്മാവിനെ സ്വീകരിച്ചു എന്നതിന്മേൽ നമുക്ക് ധ്യാനിക്കാം.
**പ്രാർത്ഥന:** മാതാവേ, ഞങ്ങളുടെ ആത്മാവുകളിൽ പ്രസാദവരംവഴി എഴുന്നള്ളിയിരിക്കുന്ന പരിശുദ്ധാത്മാവിന്റെ സാന്നിധ്യം ഓർമ്മിച്ചുകൊണ്ട്, ഞങ്ങളുടെ ജീവിതം നിയന്ത്രിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

### 4. മാതാവിന്റെ സ്വർഗ്ഗാരോപണം

1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

പരിശുദ്ധ കന്യകാമറിയം തന്റെ ഈലോകജീവിതം അവസാനിച്ചപ്പോൾ സ്വർഗ്ഗാരോപിതയായി എന്നതിന്മേൽ നമുക്ക് ധ്യാനിക്കാം.
**പ്രാർത്ഥന:** മാതാവേ, ഞങ്ങളുടെ മരണ സമയത്ത് ഞങ്ങളെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുവാൻ ഞങ്ങളുടെ സമീപത്തുണ്ടായിരിക്കണമേ.

### 5. മാതാവിന്റെ മുടിധാരണം

1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

പരിശുദ്ധ കന്യകാമറിയം സ്വർഗ്ഗഭൂലോകങ്ങളുടെ രാജ്ഞിയായി ഉയർത്തപ്പെട്ടു എന്നതിന്മേൽ നമുക്ക് ധ്യാനിക്കാം.
**പ്രാർത്ഥന:** മാതാവേ, സ്വർഗ്ഗ ഭാഗ്യത്തെ മുന്നിൽകണ്ടുകൊണ്ട്, ഈലോകജീവിതത്തിലെ കുരിശുകൾ സന്തോഷത്തോടെ സ്വീകരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

## പ്രകാശ രഹസ്യങ്ങൾ (വ്യാഴാഴ്ചകളിൽ)

### 1. ഈശോയുടെ മാമോദീസാ

1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

നമ്മുടെ കർത്താവീശോമിശിഹാ യോർദ്ദാൻ നദിയിൽവച്ച് സ്നാപകയോഹന്നാനിൽനിന്നും ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ പരിശുദ്ധാത്മാവ് മാടപ്രാവിന്റെ രൂപത്തിൽ സ്വർഗ്ഗത്തിൽ നിന്നും തന്നിലേക്ക് ഇറങ്ങിവന്നതിനെയോർത്ത് ധ്യാനിക്കാം.

**പ്രാർത്ഥന:** മാതാവേ, അമ്മയുടെ മാദ്ധ്യസ്ഥം വഴി പരിശുദ്ധാത്മാവ് ഞങ്ങളിൽവന്ന് നിറയണമേ.

### 2. കാനായിലെ അത്ഭുതം

1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

യേശുനാഥൻ അവിടുത്തെ അമ്മയായ പരി. മറിയത്തിന്റെ ആഗ്രഹപ്രകാരം കാനായിലെ വിവാഹവിരുന്നിൽവെച്ച് പച്ചവെള്ളത്തെ വീഞ്ഞാക്കി മാറ്റിയ ആദ്യ അത്ഭുതത്തെയോർത്ത് ധ്യാനിക്കാം.

**പ്രാർത്ഥന:** മാതാവേ, ഞങ്ങളുടെ എല്ലാ വിഷമസന്ധികളിലും ഞങ്ങൾക്കുവേണ്ടി അവിടുത്തെ തിരുകുമാരനായ യേശുവിനോട് മാദ്ധ്യസ്ഥം അപേക്ഷിക്കണമേ.

### 3. ദൈവരാജ്യ പ്രഘോഷണം

1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

യേശുനാഥൻ അവിടുത്തെ മലയിലെ പ്രസംഗത്തിൽക്കൂടി സ്വർഗീയപിതാവിന്റെ സനാതന തത്വങ്ങൾ ലോകത്തിന് വെളിപ്പെടുത്തിയതിനെ യോർത്ത് ധ്യാനിക്കാം.

**പ്രാർത്ഥന:** മാതാവേ, ദൈവവചനം ഞങ്ങളുടെ ഹൃദയത്തിൽ സംഗ്രഹിച്ച് വചനാത്മകമായി ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

### 4. രൂപാന്തരീകരണം

1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

കർത്താവായ യേശു താബോർ മലയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ അരുമശിഷ്യർക്കു തന്റെ രൂപാന്തരീകരണത്തിൽകൂടി സ്വർഗ്ഗീയ മഹത്വം വെളിപ്പെടുത്തിക്കൊടുത്തതിനെയോർത്ത് ധ്യാനിക്കാം.

**പ്രാർത്ഥന:** മാതാവേ, ഞങ്ങളുടെ ജീവിതത്തിൽ യേശുഅനുഭവമുണ്ടാകുവാൻ ഞങ്ങളെ ശക്തരാക്കണമേ.

### 5. വിശുദ്ധ കുർബാനയുടെ സ്ഥാപനം

1 സ്വർഗ്ഗ. 10 നന്മ. 1 ത്രി.

യേശു തന്റെ അന്ത്യഅത്താഴവേളയിൽ വി. കുർബാന സ്ഥാപിച്ച് അപ്പവും വീഞ്ഞും കയ്യിലെടുത്ത്, തന്റെ ശരീരരക്തങ്ങളാക്കിമാറ്റി, തന്റെ നിത്യമായ സാന്നിദ്ധ്യം ലോകത്തിന് നൽകിയതിനെയോർത്ത് ധ്യാനിക്കാം.

**പ്രാർത്ഥന:** മാതാവേ, യേശുവിനെ അമ്മ ലോകത്തിന് പ്രദാനം ചെയ്തതുപോലെ ഞങ്ങളുടെ ജീവിതംവഴി യേശുവിനെ മറ്റുള്ളവർക്ക് നൽകുവാൻ ഞങ്ങളെ പഠിപ്പിക്കണമേ.

## ജപമാല സമർപ്പണം

മുഖ്യദൂതനായ വിശുദ്ധ മിഖായേലെ, ദൈവ ദൂതന്മാരായ വിശുദ്ധ ഗബ്രിയേലെ, വിശുദ്ധ റപ്പായലേ, മഹാത്മാവായ വിശുദ്ധ ഔസേപ്പേ, ശ്ലീഹന്മാരായ വിശുദ്ധ പത്രോസേ, മാർ പൗലോസെ, മാർ യോഹന്നാനെ, ഞങ്ങളുടെ പിതാവായ മാർതോമ്മാ, ഞങ്ങൾ വലിയ പാപികളായിരിക്കുന്നുവെങ്കിലും ഞങ്ങൾ ജപിച്ച ഈ പ്രാർത്ഥന നിങ്ങളുടെ കീർത്തനങ്ങളോട് കൂടെ ഒന്നായി ചേർത്തു പരിശുദ്ധ ദൈവമാതാവിന്റെ തൃപ്പാദത്തിങ്കൽ കാഴ്ചവെയ്ക്കുവാൻ നിങ്ങളോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## മാതാവിന്റെ ലുത്തിനിയ

| | |
|---|---|
| കർത്താവേ, അനുഗ്രഹിക്കണമേ | **കർത്താവേ, അനുഗ്രഹിക്കണമേ** |
| മിശിഹായെ, അനുഗ്രഹിക്കണമേ | **മിശിഹായെ, അനുഗ്രഹിക്കണമേ** |
| കർത്താവേ, അനുഗ്രഹിക്കണമേ | **കർത്താവേ, അനുഗ്രഹിക്കണമേ** |
| മിശിഹായെ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ | **മിശിഹായെ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ** |
| സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ | **ഞങ്ങളെ അനുഗ്രഹിക്കണമേ** |

| | |
|---|---|
| ഭൂലോക രക്ഷകനായ പുത്രനായ ദൈവമേ | **ഞങ്ങളെ അനുഗ്രഹിക്കണമേ** |
| പരിശുദ്ധാത്മാവായ ദൈവമേ | **ഞങ്ങളെ അനുഗ്രഹിക്കണമേ** |
| ഏകദൈവമായ പരിശുദ്ധത്രിത്വമേ | **ഞങ്ങളെ അനുഗ്രഹിക്കണമേ** |
| പരിശുദ്ധ മറിയമേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| ദൈവത്തിന്റെ പരിശുദ്ധ ജനനീ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| കന്യകൾക്കു മകുടമായ നിർമല കന്യകേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| മിശിഹായുടെ മാതാവേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| ദൈവവരപ്രസാദത്തിന്റെ മാതാവേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| ഏറ്റം നിർമ്മലയായ മാതാവേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| അത്യന്തവിരക്തയായ മാതാവേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| കളങ്കമറ്റ കന്യകയായ മാതാവേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| കന്യാത്വത്തിനു ഭംഗംവരാത്ത മാതാവേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| സ്നേഹത്തിന് ഏറ്റം യോഗ്യയായ മാതാവേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| അത്ഭുതത്തിന് വിഷയമായ മാതാവേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| സദുപദേശത്തിന്റെ മാതാവേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| സ്രഷ്ടാവിന്റെ മാതാവേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| രക്ഷകന്റെ മാതാവേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| ഏറ്റം വിവേകമതിയായ കന്യകേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| വണക്കത്തിന് ഏറ്റം യോഗ്യയായ കന്യകേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| സ്തുതിക്കു യോഗ്യയായ കന്യകേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| മഹാ വല്ലഭയായ കന്യകേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| കനിവുള്ള കന്യകേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| ഏറ്റം വിശ്വസ്തയായ കന്യകേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| നീതിയുടെ ദർപ്പണമേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| ദിവ്യജ്ഞാനത്തിന്റെ സിംഹാസനമേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| ഞങ്ങളുടെ സന്തോഷത്തിന്റെ കാരണമേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| ആത്മജ്ഞാനപൂരിത പാത്രമേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| ബഹുമാനത്തിന്റെ പാത്രമേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| അത്ഭുതകരമായ ഭക്തിയുടെ പാത്രമേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| ദിവ്യരഹസ്യം നിറഞ്ഞിരിക്കുന്ന റോസാപുഷ്പമേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| ദാവീദിന്റെ കോട്ടയേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| നിർമ്മല ദന്തം കൊണ്ടുള്ള കോട്ടയേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| സ്വർണാലയമേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| വാഗ്ദാനത്തിന്റെ പെടകമേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| സ്വർഗത്തിന്റെ വാതിലേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| ഉഷ:കാല നക്ഷത്രമേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| രോഗികളുടെ ആരോഗ്യമേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| പാപികളുടെ സങ്കേതമേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| പീഡിതരുടെ ആശ്വാസമേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| ക്രിസ്ത്യാനികളുടെ സഹായമേ | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| മാലാഖമാരുടെ രാജ്ഞി | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |

| | |
|---|---|
| പൂർവ്വപിതാക്കന്മാരുടെ രാജ്ഞി | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| ദീർഘദർശികളുടെ രാജ്ഞി | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| ശ്ലീഹന്മാരുടെ രാജ്ഞി | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| വേദസാക്ഷികളുടെ രാജ്ഞി | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| കന്യകളുടെ രാജ്ഞി | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| സകല വിശുദ്ധരുടേയും രാജ്ഞി | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| അമലോത്ഭവയായ രാജ്ഞി | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| സ്വർഗ്ഗാരോപിത രാജ്ഞി | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| പരിശുദ്ധ ജപമാലയുടെ രാജ്ഞി | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞി | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |
| സമാധാനത്തിന്റെ രാജ്ഞി | **ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ** |

**ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ:** കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ.
**ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.
**ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ:** കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

സർവ്വേശ്വരന്റെ പുണ്യപൂർണ്ണമായ മാതാവേ, ഇതാ, ഞങ്ങൾ നിന്നിൽ അഭയം തേടുന്നു. ഞങ്ങളുടെ ആവശ്യനേരത്ത് ഞങ്ങളുടെ അപേക്ഷകൾ ഉപേക്ഷിക്കരുതേ. ഭാഗ്യവതിയും അനുഗ്രഹീതയുമായ കന്യാമാതാവേ, സകല ആപത്തുകളിൽനിന്നും എപ്പോഴും ഞങ്ങളെ കാത്തുകൊള്ളണമേ.

**V. ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ.**

**R. സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.**

**പ്രാർത്ഥിക്കാം**

കർത്താവേ, പൂർണ്ണമനസ്സോടുകൂടി സാഷ്ടാംഗം വീണുകിടക്കുന്ന ഈ കുടുംബത്തെ തൃക്കൺ പാർത്തു നിത്യകന്യകയായ പരിശുദ്ധ മറിയത്തിന്റെ അപേക്ഷയാൽ സകല ശത്രുക്കളുടെയും ഉപദ്രവങ്ങളിൽ നിന്നു രക്ഷിച്ചുകൊള്ളണമേ. ഈ അപേക്ഷകളൊക്കെയും ഞങ്ങളുടെ കർത്താവീശോമിശിഹായുടെ യോഗ്യതകളെക്കുറിച്ചു ഞങ്ങൾക്ക് തരേണമേ. ആമ്മേൻ.

## പരിശുദ്ധ രാജ്ഞീ (Hail Holy Queen)

പരിശുദ്ധ രാജ്ഞീ, കരുണയുള്ള മാതാവേ! സ്വസ്തി! ഞങ്ങളുടെ ജീവനും മാധുര്യവും ശരണവുമേ സ്വസ്തി! ഹാവായുടെ പുറംതള്ളപ്പെട്ട മക്കളായ ഞങ്ങൾ അങ്ങേപ്പക്കൽ നിലവിളിക്കുന്നു. കണ്ണുനീരിന്റെ ഈ താഴ്വരയിൽ നിന്ന് വിങ്ങിക്കരഞ്ഞ് അങ്ങേപ്പക്കൽ ഞങ്ങൾ നെടുവീർപ്പെടുന്നു. ആകയാൽ ഞങ്ങളുടെ മദ്ധ്യസ്ഥേ, അങ്ങയുടെ കരുണയുള്ള കണ്ണുകൾ ഞങ്ങളുടെ നേരെ തിരിക്കേണമേ. ഞങ്ങളുടെ ഈ പ്രവാസത്തിനു ശേഷം അങ്ങയുടെ ഉദരത്തിന്റെ അനുഗ്രഹീതഫലമായ ഈശോയെ ഞങ്ങൾക്ക് കാണിച്ചു തരേണമേ. ഏറ്റവും കരുണയും വാത്സല്യവും മാധുര്യവും നിറഞ്ഞ കന്യകാമറിയമേ! ആമ്മേൻ.

**V. ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ.**

**R. സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.**

**പ്രാർത്ഥിക്കാം**

സർവ്വശക്തനും നിത്യനുമായ സർവ്വേശ്വരാ, ഭാഗ്യവതിയായ മറിയത്തിന്റെ ആത്മാവും ശരീരവും പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ അങ്ങേ ദിവ്യപുത്രന് യോഗ്യമായ പീഠമായിരിപ്പാൻ ആദിയിൽ അങ്ങു നിശ്ചയിച്ചുവല്ലോ. ഈ ദിവ്യമാതാവിനെ നിനച്ചു സന്തോഷിക്കുന്ന ഞങ്ങൾ അവളുടെ ശക്തിയുള്ള അപേക്ഷകളാൽ ഈ ലോകത്തിലുള്ള സകല ആപത്തുകളിലും നിത്യമരണത്തിലും നിന്നു രക്ഷിക്കപ്പെടുവാൻ കൃപചെയ്യണമേ. ഈ അപേക്ഷകളൊക്കെയും ഞങ്ങളുടെ കർത്താവീശോ മിശിഹായുടെ യോഗ്യതകളെക്കുറിച്ചു ഞങ്ങൾക്ക് തരേണമേ. ആമ്മേൻ.

## എത്രയും ദയയുള്ള മാതാവേ (Memorare)

എത്രയും ദയയുള്ള മാതാവേ, അങ്ങേ സങ്കേതത്തിൽ ഓടിവന്ന്, അങ്ങേ സഹായം തേടി, അങ്ങേ മാദ്ധ്യസ്ഥം അപേക്ഷിച്ചവരിൽ ഒരുവനെയെങ്കിലും അങ്ങ് ഉപേക്ഷിച്ചതായി ലോകത്തിൽ കേട്ടിട്ടില്ല എന്ന് ഓർക്കണമേ. കന്യാവ്രതക്കാരുടെ രാജ്ഞീ, ദയയുള്ള മാതാവേ, ഈ വിശ്വാസത്തിൽ ശരണപ്പെട്ട്, അങ്ങേ തൃപ്പാദത്തിങ്കൽ ഞാൻ അണയുന്നു. നെടുവീർപ്പോടും കണ്ണുനീരോടും കൂടെ പാപിയായ ഞാൻ അങ്ങേ ദയാധിക്യത്തെ പ്രതീക്ഷിച്ചുകൊണ്ട് അങ്ങേ സന്നിധിയിൽ നിൽക്കുന്നു. അവതരിച്ച വചനത്തിൻ മാതാവേ, എന്റെ അപേക്ഷ ഉപേക്ഷിക്കാതെ ദയാപൂർവ്വം കേട്ടരുളേണമേ. ആമ്മേൻ.